**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3940** **28-06-2024 - ൽ മറുപടിയ്ക്ക്**

**കോവളം-ബേക്കൽ ജലപാത നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോവളം-ബേക്കൽ ജലപാത നിർമ്മാണത്തിന്റെ ഒന്നാം ഘട്ടത്തിൽ പൂർത്തിയായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | കോവളം മുതൽ ബേക്കൽ വരെയുള്ള 616 കി.മീ. ജലപാത നിർമ്മാണത്തിന്റെ ഒന്നാം ഘട്ടത്തിൽ 520 കി മീ ദൂരത്തിലും കനാലുകൾ നിലവിലുള്ള ആഴത്തിലും വീതിയിലും ശുദ്ധീകരിച്ച് പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെന്നും അറിയിക്കാമോ; | (ബി) | ജലപാത വികസനത്തിന്റെ രണ്ടാം ഘട്ടത്തിൽ ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, DPR തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തികൾ ആണ് വിഭാവനം ചെയ്തിട്ടുള്ളത്. ജലപാത നിലവാരത്തിനാവശ്യമായ വീതിയിൽ കനാൽ നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തിയും കനാലുകൾക്ക് കുറുകെ ഉയരവും വീതിയും നീളവും കുറഞ്ഞ പാലങ്ങൾ പുനർനിർമ്മിക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു. അതോടൊപ്പം നിരവധി ലോക്ക് കം ബ്രിഡ്ജ്കളുടെ നിർമ്മാണവും വിവിധ ഭാഗങ്ങളിലായി നടന്നുവരുന്നു. |
| (സി) | കോവളം മുതൽ കൊല്ലം വരെയുള്ള സംസ്ഥാന ജലപാത ക്ലാസ് സ്റ്റാൻഡേർഡിലേക്ക് വികസിപ്പിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (സി) | കോവളം മുതൽ കൊല്ലം വരെയുള്ള സംസ്ഥാന ജലപാത ക്ലാസ് സ്റ്റാൻഡേർഡിലേക്ക് വികസിപ്പിക്കുന്നതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു.<br><br>1. പശ്ചിമതീര കനാലിന്റെ കോവളം മുതൽ ആക്കുളം വരെയുള്ള 16.09 കിലോമീറ്റർ ദൂരത്തിൽ കനാൽ ശുചീകരണം പൂർത്തീകരിച്ചിട്ടുണ്ട്. ടി ഭാഗത്ത് 940 -ഓളം കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. ഇതിനായുള്ള തുക KIIFB-യിൽ നിന്നും അനുവദിച്ചിട്ടുണ്ട്. കൂടാതെ ഇതുമായി ബന്ധപ്പെട്ട് 174 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള തുക ഇപ്പോൾ സർക്കാർ അനുവദിച്ചിട്ടുണ്ട്. ടി ഭാഗത്ത് മൂന്ന് |

| | | | |
|---|---|---|---|
| | | | സ്റ്റീൽ ലിഫ്റ്റിംഗ് ബ്രിഡ്ജുകളുടെ നിർമ്മാണ പ്രവൃത്തികളിൽ കരിക്കകം പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഗതാഗതത്തിനായി തുറന്നു കൊടുത്തിട്ടുണ്ട്. മറ്റ് രണ്ടു പ്രവൃത്തികളുടെ കരാർ ഏറ്റെടുത്തുവെങ്കിലും സ്ഥലം ഏറ്റെടുക്കൽ പ്രക്രിയ അന്തിമഘട്ടത്തിലാണ്. സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് ടി പ്രവർത്തികൾ പൂർത്തിയാക്കുന്നതാണ്.<br>2. ആക്കുളം മുതൽ പള്ളിത്തുറ വരെയുള്ള 6.5 കിലോമീറ്റർ കനാലിന്റെ ആഴവും വീതിയും കൂട്ടി നവീകരിച്ചിട്ടുണ്ട്. അതിൽ പുത്തൻതുറഭാഗത്ത് സെൻറ് ആൻഡ്രൂസ് പാലത്തിന്റെ പുനർനിർമ്മാണം അന്തിമഘട്ടത്തിലാണ്.<br>3. കഠിനംകുളം ഭാഗത്ത് പുത്തൻതുറ മുതൽ ചാന്നാങ്കര വരെയുള്ള 3.5 കിലോമീറ്റർ കനാലിന്റെ ആഴവും വീതിയും കൂട്ടുന്നതിനുള്ള പ്രവർത്തി ആരംഭിച്ചിട്ടുണ്ട്. ടി ഭാഗത്ത് ഇരുകരകളിലുമായി 194 കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടതായുള്ളതിൽ 111 കുടുംബങ്ങളെ പുനരധിവസിപ്പിച്ച തുക കൈമാറി കഴിഞ്ഞു.<br>4. വർക്കല അഞ്ചുതെങ്ങ് കായൽ മുതൽ നടയറ കായൽ വരെയുള്ള 13 കിലോമീറ്റർ കനാലിൽ ഉൾപ്പെട്ട രണ്ട് ടണലുകൾ ശുചീകരിച്ച് ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. ടി ഭാഗത്ത് 5.46 കിലോമീറ്റർ ദൂരത്തിൽ കനാൽ ഗതാഗത യോഗ്യമാക്കുന്നതിനുള്ള പ്രവർത്തികൾ നടന്നു വരുന്നു. ബാക്കി ഭാഗം ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്.<br>5. പരവൂർ മുതൽ ഇരവിപുരം വരെയുള്ള കനാലിന്റെ ആഴംകൂട്ടൽ പ്രവൃത്തി പൂർത്തീകരിച്ചു.<br>6. കൊല്ലം തോടിന്റെ ഭാഗമായ കല്ലുപാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 5 കിലോമീറ്ററോളം ഭാഗം ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. കൊല്ലം തോടിന്റെ അവസാന റീച്ചിൽ വലതുകരയിൽ അടിയന്തര സംരക്ഷണ പ്രവൃത്തി പൂർത്തീകരിച്ചു. |
| (ഡി) | കോവളം മുതൽ കൊല്ലം വരെയുള്ള ജലപാതയുടെ ഭാഗമായ പനത്തുറ, പുത്തൻപാലം സ്റ്റീൽ പാലങ്ങളുടെ പ്രവൃത്തി | (ഡി) | പനത്തുറ, പുത്തൻപാലം സ്റ്റീൽ പാലങ്ങളുടെ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല. പ്രവർത്തികളുടെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ |

| | | | |
|---|---|---|---|
| | പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ; | | അന്തിമഘട്ടത്തിലാണ്. പ്രവർത്തികൾ 2025 ജൂൺ മാസത്തോടെ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. |
| (ഇ) | കോവളം മുതൽ വർക്കല വരെയുള്ള ലാൻഡ് അക്വിസിഷനും തുടർന്നുള്ള റീഹാബിലിറ്റേഷൻ പ്രവർത്തനങ്ങളും ഇപ്പോൾ ഏതുഘട്ടത്തിലാണെന്നും എത്ര തുക ഇതിനായി അനുവദിച്ചിട്ടുണ്ടെന്നും എത്ര തുക വിതരണം ചെയ്തുവെന്നും എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ഇ) | വർക്കല ഭാഗത്തെ 316 പേർക്ക് പുനരധിവാസ പാക്കേജ് തുകയും വാടകതുകയും ഇതിലുൾപ്പെടുന്ന 145 കുടുംബങ്ങൾക്ക് ബിൽഡിംഗ് വാല്യുവേഷൻ തുകയുടെ ഒന്നാം ഗഡുവും കൈമാറിയിട്ടുണ്ട്. കൂടാതെ കഠിനംകുളം ഭാഗത്തെ 110 കുടുംബങ്ങൾക്ക് പാക്കേജ് തുകയും വാടക തുകയും ഇതിലുൾപ്പെടുന്ന 67 കുടുംബങ്ങൾക്ക് ബിൽഡിംഗ് വാല്യുവേഷൻ തുകയുടെ ഒന്നാം ഗഡുവും കൈമാറിയിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷൻ ഭാഗത്തെ 15 കുടുംബങ്ങൾക്ക് പാക്കേജ് തുകയും വാടക തുകയും കൈമാറിയിട്ടുണ്ട്. ഇതിനായി 62,81,58,283/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ആകെ 51,61,42,764/- രൂപ വിതരണം ചെയ്തിട്ടുണ്ട്. വർക്കല ഭാഗത്ത് 316 കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് - 466, കഠിനംകുളത്ത് - 194, വർക്കല മുനിസിപ്പാലിറ്റിയിൽ - 399 എന്നിങ്ങനെ 1059 കുടുംബങ്ങൾ പാക്കേജിൽ ഉൾപ്പെടുമെന്ന് കണക്കാക്കിയിട്ടുണ്ട്. 471 കുടുംബങ്ങൾക്ക് പട്ടയം ലഭിച്ചിട്ടുള്ളതിനാൽ LARR Act പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ ആവശ്യമായി വരുന്നു. പട്ടയ രേഖകളുടെ പരിശോധന പുരോഗമിക്കുന്നു നിലവിൽ 400 കുടുംബങ്ങൾ പാക്കേജ് തുക സ്വീകരിച്ച് പുതിയ പാർപ്പിടം സ്വന്തമാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് 247.2 കോടി രൂപയുടെ കിഫ്ബി ധനസഹായമുണ്ട്. |
| (എഫ്) | വെസ്റ്റ് കോസ്റ്റ് കനാൽ ജലപാതയുടെ ഭാഗമായ പാർവതി പുത്തനാർ ജലപാത നിലവാരത്തിലേക്ക് വികസിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്നും അവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായിയെന്നും ബാക്കി പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ; വെസ്റ്റ് കോസ്റ്റ് കനാൽ പൂർണ്ണമായി പ്രവർത്തനക്ഷമമാക്കുന്നതിന് എത്ര സമയമെടുക്കുമെന്നും എപ്പോൾ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമെന്നും അറിയിക്കാമോ; | (എഫ്) | പാർവ്വതീ പുത്തനാറിന്റെ വികസനത്തിന് 183.4 കോടിയുടെ തത്വത്തിലുള്ള അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി, കനാൽ പുറമ്പോക്കിൽ വസിക്കുന്നവരുടെ പുനരധിവാസം എന്നിവ പൂർത്തീകരിച്ച ശേഷം മാത്രമേ പദ്ധതി ആരംഭിക്കുവാൻ കഴിയുകയുള്ളൂ.<br><br>പശ്ചിമതീര കനാലിന്റെ കോവളം മുതൽ ആക്കുളം വരെയുള്ള 16.09 കിലോമീറ്റർ ദൂരത്തിൽ കനാൽ ശുചീകരണം പൂർത്തീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ കോവളം മുതൽ വർക്കല വരെയുള്ള ഭാഗത്ത് കനാൽ വികസനത്തിന് തടസ്സമായി കനാൽ പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി സർക്കാർ 247.2 കോടി രൂപയുടെ സാമ്പത്തിക അനുമതി നല്കിയിട്ടുണ്ട് ഇതിൽ കോവളം മുതൽ ആക്കുളം വരെയുള്ള ഭാഗത്ത് 940 -ഓളം കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. ഇതിനായുള്ള തുക |

| | | | |
|---|---|---|---|
| | | | KIIFB-യിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ടി ഭാഗത്ത് മൂന്ന് സ്റ്റീൽ ബ്രിഡ്ജുകളുടെ നിർമ്മാണ പ്രവൃത്തികളിൽ കരിക്കകം പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഗതാഗതത്തിനായി തുറന്നു കൊടുത്തിട്ടുണ്ട്. മറ്റ് രണ്ടു പ്രവൃത്തികളുടെ കരാർ ഏറ്റെടുത്തുവെങ്കിലും സ്ഥലം ഏറ്റെടുക്കൽ പ്രക്രിയ അന്തിമഘട്ടത്തിലാണ്. ഏറ്റെടുക്കൽ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് ടി പ്രവർത്തികൾ പൂർത്തിയാക്കുന്നതാണ്. ആക്കുളം മുതൽ പള്ളിത്തുറ വരെയുള്ള 6.5 കിലോമീറ്റർ കനാലിന്റെ ആഴവും വീതിയും കൂട്ടി നവീകരിച്ചിട്ടുണ്ട്. അതിൽ പുത്തൻതുറഭാഗത്ത് സെൻറ് ആൻഡ്രൂസ് പാലത്തിന്റെ പുനർനിർമ്മാണം അന്തിമ ഘട്ടത്തിലാണ്. കഠിനംകുളം ഭാഗത്ത് പുത്തൻതുറ മുതൽ ചാന്നാങ്കര വരെയുള്ള 3.5 കിലോമീറ്റർ കനാലിന്റെ ആഴവും വീതിയും കൂട്ടുന്നതിനുള്ള പ്രവർത്തി ആരംഭിച്ചിട്ടുണ്ട്. ടി ഭാഗത്ത് ഇരുകരകളിലുമായി 194 കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടതായുള്ളതിൽ 111 കുടുംബങ്ങളെ പുനരധിവസിപ്പിച്ചു തുക കൈമാറി കഴിഞ്ഞു.<br><br>പ്രസ്തുത റീച്ചിൽ 985.5553 ആർ ഭൂമി ഏറ്റെടുക്കുന്നതിന് 124.74 കോടി രൂപയുടെ സാമ്പത്തിക അനുമതി KIIFB യിൽ നിന്നും ലഭിച്ചിട്ടുണ്ട്. കോവളം ബോട്ട് ടെർമിനൽ, പനത്തുറ കനാൽ നിർമ്മാണം എന്നിവയ്ക്കുള്ള 94.574 ആർ ഭൂമി ഏറ്റെടുക്കുന്ന പ്രക്രിയ നടന്നുവരുന്നു. തിരുവല്ലം, പേട്ട വില്ലേജുകളിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള 11 (1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്ന ഘട്ടം ആയിട്ടുണ്ട്. മുട്ടത്തറ, കടകംപള്ളി വില്ലേജുകളിലെ പട്ടയം സംബന്ധിച്ച് രേഖകളുടെ പരിശോധന പൂർത്തീകരിച്ച ശേഷം 11 (1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതാണ്. |
| (ജി) | ജലപാത നിലവാരത്തിലേക്ക് മാറ്റുന്നതിന്റെ ഭാഗമായി പാർവതി പുത്തനാർ നവീകരിക്കുന്നതിനും സംരക്ഷണ ഭിത്തി ഇല്ലാത്ത സ്ഥലങ്ങളിൽ അവ നിർമ്മിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അതിനായി അനുവദിച്ച തുക എത്രയാണെന്നും അറിയിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ജി) | സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 5,23,90,168/- രൂപ അനുവദിക്കുകയും 1100 മീ നീളത്തിൽ വേളി - പൌണ്ട് കടവ് ഭാഗത്ത് സംരക്ഷണ ഭിത്തി നിർമ്മിക്കുകയും, ആക്കുളം ഭാഗത്ത് നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ